**ഹരിതകേരളം മിഷൻ**
കേരള സർക്കാർ

**<u>പ്രസിദ്ധീകരണത്തിന്</u>** 23.09.2017

# ഒക്ടോബർ 2 മുതൽ ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ ഹരിതവാരാചരണം

## പരിസ്ഥിതി ദിനത്തിൽ നട്ട വൃക്ഷത്തൈകളുടെ കണക്കെടുപ്പും നിലവിലെ സ്ഥിതി പരിശോധനയും സംഘടിപ്പിക്കും

പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ഇക്കഴിഞ്ഞ ജൂൺ 5 ന് സംസ്ഥാനമൊട്ടാകെ നട്ട ഒരു കോടിയിലധികം വൃക്ഷത്തൈകളുടെ നിലവിലെ സ്ഥിതി പരിശോധിക്കാനും അനുബന്ധ വിവര ശേഖരണത്തിനും ഹരിതകേരളം മിഷൻ ഏറ്റെടുക്കുന്നു. ഇതിനായി അടുത്ത മാസം 2 മുതൽ സംസ്ഥാനത്ത് ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഹരിതവാരം ആചരിക്കും. നട്ട മരങ്ങൾ ഇപ്പോൾ നിലനിൽക്കുന്നുണ്ടോ?, ഉണ്ടെങ്കിൽ ആവശ്യമായ തുടർസംരക്ഷണം ലഭ്യമാണോ?, ചെടിക്ക് വേണ്ടത്ര ആരോഗ്യമുണ്ടോ?, ഇല്ലെങ്കിൽ എന്താണ് ചെയ്യേണ്ടത്?, ചെടി അവശേഷിക്കുന്നില്ലെങ്കിൽ എന്ത് കൊണ്ടാണ് അത് നശിച്ച് പോയത്?, എന്തെല്ലാമാണ് പരിഹാര മാർഗ്ഗങ്ങൾ?, തുടങ്ങിയവ സംബന്ധിച്ച വിവരശേഖരണമാണ് നടത്തുന്നത്. വൃക്ഷവത്കരണത്തിന് മരങ്ങൾ നട്ടാൽ മാത്രം പോരാ മറിച്ച് പരിപാലനത്തിലൂടെ അവയ്ക്ക് വളരാനുള്ള പിന്തുണയും നല്കണമെന്ന സന്ദേശമാണ് ഈ യജ്ഞത്തിലൂടെ ഹരിതകേരളം മിഷൻ നൽകുന്നത്

സാമൂഹ്യപങ്കാളിത്തത്തോടെ കാലാവസ്ഥാവ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങളെ പ്രതിരോധിക്കാനുള്ള ഇടപെടൽ കൂടിയാണ് ഒക്ടോബർ 2 മുതലുള്ള ഹരിതവാരാചരണം. കേരളത്തിന്റെ പാരിസ്ഥിതിക സമനില സംരക്ഷിക്കുക, പാരിസ്ഥിതിക സംരക്ഷണത്തോടുള്ള ഉത്തരവാദിത്വം പൗരസമൂഹത്തിൽ വ്യാപകമാക്കുക എന്നിവയും ഹരിതകേരളം മിഷൻ ലക്ഷ്യമിടുന്നു.

2017-18 ലെ സംസ്ഥാന ബജറ്റിൽ ഈ വർഷം 3 കോടി വൃക്ഷത്തൈകൾ നടും എന്നാണ് പ്രഖ്യാപിച്ചിരുന്നത്. ഇതിൽ ഒരു കോടിയിലധികം തൈകളാണ് ഇതിനകം നട്ടത്. തൈകൾ നടാൻ നേതൃത്വം നൽകിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ, റസിഡന്റ്സ് അസോസിയേഷനുകൾ,കുടുംബശ്രീ അയൽക്കൂട്ടങ്ങൾ,സന്നദ്ധസംഘടനകൾ, വിവിധ സ്പോർട്സ് ആൻഡ് ആർട്സ് ക്ലബ്ബുകൾ എന്നിവ നയിക്കുന്ന പ്രത്യേക ടീമുകളാണ് തൈകളുടെ കണക്കെടുപ്പും പരിശോധനയും നടത്തേണ്ടത്. പരിശോധനയുമായി ബന്ധപ്പെട്ട് തയ്യാറാക്കുന്ന റിപ്പോർട്ട് യോഗം ചേർന്ന് പൊതുവായി അവതരിപ്പിക്കുകയും പോരായ്മകൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യും. നഷ്ടപ്പെട്ട ഓരോ വൃക്ഷത്തൈക്കും പകരമായി അവിടെ മറ്റൊരു ഫലവൃക്ഷത്തൈ നടും. പരിശോധനാ റിപ്പോർട്ടുകൾ സാമൂഹ്യ മാധ്യമങ്ങളിലൂടെ പങ്കുവെക്കും.

ഹരിതവാരത്തിൽ ആദ്യ മൂന്നുദിവസം പരിശോധനയ്ക്കും രണ്ടു ദിവസം റിപ്പോർട്ട് തയ്യാറാക്കാനും ചെലവിടും. ഇത്തരമൊരു ജനകീയ പരിശോധന പൗരബോധം സംബന്ധിച്ചുള്ള ഒരു ആത്മപരിശോധന കൂടിയാണ്. ജില്ലകളിൽ സർക്കാർ സംവിധാനം ഉപയോഗിച്ച് പരിസ്ഥിതി ദിനവുമായി ബന്ധപ്പെട്ട് നട്ട തൈകളുടെ ഇപ്പോഴത്തെ അവസ്ഥ ഹരിതകേരളം മിഷൻ നേരിട്ട് ശേഖരിക്കുന്നുണ്ട്. സംസ്ഥാനമൊട്ടാകെ നട്ട തൈകളുടെ കണക്കെടുപ്പും നിലവിലെ സ്ഥിതിയും കൃഷിവകുപ്പിന്റെ ' കാർഷിക വിവരസങ്കേതം ' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി വ്യക്തികളുടെയും സ്ഥാപനങ്ങളുടെയും സഹായത്തോടെ ശേഖരിക്കും. എന്നാൽ ഓരോ പ്രദേശത്തും ജനകീയമായി നടത്തുന്ന പരിശോധനയിലൂടെ നട്ട മരങ്ങളുടെ നിലവിലെ സ്ഥിതി മനസ്സിലാക്കുന്നത് വൃക്ഷവത്കരണ പ്രവർത്തനങ്ങളെ കൂടുതൽ ഫലപ്രദമാക്കുവാൻ ഉപകരിക്കും . മാത്രമല്ല മരങ്ങൾക്ക് കാവൽ നിൽക്കുന്നവർ എന്ന ജാഗ്രതയും ഇതിൽ പങ്കാളിയാവുന്നവരിൽ സൃഷ്ടിക്കപ്പെടും.

ബജറ്റ് പ്രഖ്യാപനം പൂർണ്ണമായും നടപ്പിലാക്കാനായി വരുന്ന ജൂൺ അഞ്ചിന് മുൻപ് 2 കോടി വൃക്ഷത്തൈകൾ കൂടി നടാനുള്ള വിപുലമായ തയ്യാറെടുപ്പുകൾ ഇതിനകം തന്നെ ഹരിതകേരളം മിഷൻ ആരംഭിച്ചു കഴിഞ്ഞു. വനംവകുപ്പ് തയ്യാറാക്കുന്ന വൃക്ഷത്തൈകൾക്ക് പുറമേ ഹരിതകേരളം മിഷനും മഹാത്മാഗാന്ധി തൊഴിലുറപ്പ് മിഷനും കുടുംബശ്രീയും ചേർന്ന് ഇതിനാവശ്യമായ തൈകൾ തയ്യാറാക്കാനാണ് പദ്ധതി. തൊഴിലുറപ്പ് പദ്ധതിയിലുള്ളവർക്ക് ഇതിനുള്ള പരിശീലനം കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുണ്ട്. വൃക്ഷത്തൈകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിന് പുറമേ പതിനായിരക്കണക്കിന് തൊഴിലുറപ്പ് തൊഴിലാളികൾക്ക് ജോലി ലഭ്യമാക്കാനും നാടിന്റെ പരിസ്ഥിതി സംരക്ഷണത്തിൽ നിർണ്ണായകമായ പങ്കാളിത്തം ഉറപ്പാക്കാനും ഇത് സഹായകമാകും.

**ഡോ. ടി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ

**റ്റി.സി 2/3271(3)(4), 'ഹരിതം', കുട്ടനാട് ലെയിൻ, പട്ടം പാലസ് പി.ഒ, തിരുവനന്തപുരം- 695 004**
**ഫോൺ : 0471 2449939, ഇ-മെയിൽ : haritham@kerala.gov.in**